# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 01/ 04/ 2021

## കൊല്ലം സിറ്റിയിൽ വൻ ഗഞ്ചാവ് വേട്ട –

### ഒമ്പത് കിലോ ഗഞ്ചാവുമായി 21 കാരൻ പോലീസ് പിടിയിൽ

കൊല്ലം : കൊല്ലം സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി. ഐപിഎസ്സിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം റെയിൽവേ സ്റ്റേഷൻ പരിസരത്ത് നടത്തിയ പോലീസ് പരിശോഗനക്കിടയിലാണ് ഒമ്പത് കിലോ ഗഞ്ചാവുമായി 21 കാരൻ പോലീസ് പിടിയിലായത്. നിയമസഭ ഇലക്ഷ്നുമായി ബന്ധപ്പെട്ട് അനഃധികൃത മദ്യ മയക്ക്മരുന്ന് മാഫിയ ശൃഖലയ്ക്കെതിരെ കൊല്ലം സിറ്റി പോലീസ് ശക്തമായ നടപടികൾ സ്വീകരിച്ച് വരുകയാണ്. സിറ്റി പോലീസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം കൊല്ലം സിറ്റി പോലീസ് ആന്റി നാർക്കോട്ടിക്ക് സ്പെഷ്യൽ ഫോഴ്സ് (ഡാൻസാഫ്) അംഗങ്ങളും കൊല്ലം ഈസ്റ്റ് പോലീസും സംയുക്തമായി നടത്തിയ റെയിഡിലാണ് ചവറ മുക്കോടി തെക്കതിൽ റഹീം മകൻ മുനീർ (21) ഗഞ്ചാവുമായി പിടിയിലായത്. ജില്ലാ ക്രൈം ബ്രാഞ്ച് എ.സി.പി ഇ.പി റെജി, കൊല്ലം എ.സി.പി വിജയൻ റ്റി.ബി എന്നിവരുടെ നേതൃത്വത്തിൽ നടന്ന റെയ്ഡിൽ കൊല്ലം ഈസ്റ്റ് ഇൻസ്പെക്ടർ ഷാഫി. ബി.എം, ഡാൻസാഫ് സബ്ബ് ഇൻസ്പെക്ടർ ജയകുമാർ, ഈസ്റ്റ് സബ്ബ് ഇൻസ്പെക്ടർ രാജ്മോഹൻ, ഡാൻസാഫ് ടീം അംഗങ്ങളായ ബൈജു പി. ജെറോം, സജൂ, സീനു, മനു, രിപു, രതീഷ് തുടങ്ങിയവർ പങ്കെടുത്തു. വിശാഖപട്ടണത്ത് നിന്നും ട്രെയിനിൽ കൊല്ലത്തേക്ക് ഗഞ്ചാവ് കടത്തുന്നതായ വിവരത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം സിറ്റി സൈബർ സെല്ലിന്റെ സഹായത്താൽ ദിവസങ്ങൾ നീണ്ട നിരീക്ഷണത്തിനൊടുവിലാണ് പ്രതി റെയിൽവേ സ്റ്റേഷൻ പരിസരത്ത് നിന്നും പിടിയിലായത്. ഇയാൾ തൃശൂരടക്കം വിവിധ ജില്ലകളിൽ ഗഞ്ചാവ് കടത്തിന് പിടിയിലായിട്ടുള്ളയാളാണ്. നഗര പരിധിയിലും ഗ്രാമ പ്രദേശങ്ങളിലും വിദ്യാർത്ഥികൾക്കടക്കം ഗഞ്ചാവ് എത്തിക്കുന്ന നിലവിൽ പിടിയിലായ പ്രതിയുടെ കൂട്ടാളികളും നിരീക്ഷണത്തിലാണെന്നും വരും ദിവസങ്ങളിൽ ഇത്തരത്തിലുള്ള മുഴുവൻആളുകളേയും പിടികൂടുമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.



